# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.50 13.01.2021-ലെ മറുപടിക്ക്

<u>ചോദ്യം</u> <u>മറുപടി</u>

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. ടി. ജെ. വിനോദ്
ശ്രീ. അനൂപ് ജേക്കബ്
ശ്രീ. പി. ടി. തോമസ്

ഡോ. ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പുമന്ത്രി

## സാമ്പത്തിക പ്രതിസന്ധി

| | | |
|---|---|---|
| (എ) | സംസ്ഥാനം അതിഗുരുതരമായ സാമ്പത്തിക പ്രിതിസന്ധിയെ അഭിമുഖീകരിക്കുന്നു എന്നത് വസ്തുതയാണോ; എങ്കിൽ അതിനുള്ള നിലവിലെ കാരണങ്ങൾ എന്തൊക്കെയാണ്; | കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും നടപ്പ് സാമ്പത്തിക വർഷം സാമ്പത്തിക പ്രതിസന്ധി അതീവ ഗുരുതരമാക്കിയെന്നത് വസ്തുതയാണ്.<br><br>കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മുമ്പ് ഉണ്ടാകാത്ത തരത്തിലുള്ളതാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ സമസ്ത മേഖലകളെയും മേൽ പ്രതിസന്ധി ഗ്രസിച്ചിരിക്കുന്നു. കോവിഡ്-19 പകർച്ചവ്യാധിയുടെ സമയത്ത് ചരക്കുകളുടെയും സേവനങ്ങളുടെയും ഉൽപാദനം പൂർണ്ണമായും നിലച്ചു. കൂടാതെ, കോവിഡ്-19 പാൻഡെമിക് സമയത്ത് ഉൽപാദനം നിർത്തുന്നത് പ്രദേശാധിഷ്ഠിതം അല്ല. അതിന്റെ പ്രത്യാഘാതങ്ങൾ എല്ലാ പ്രദേശങ്ങളിലും ഉണ്ട്. പ്രതിസന്ധി അവസാനിച്ചതിനു ശേഷം ഉല്പാദനം പുനരാരംഭിക്കാൻ എടുക്കുന്ന കാലഘട്ടത്തെക്കുറിച്ച് അനിശ്ചിതത്വമുണ്ട്. മുമ്പത്തെ ഉല്പാദന നിലവാരം കൈവരിക്കാൻ എത്ര സമയമെടുക്കുമെന്നതും അനിശ്ചിതത്വത്തിലാണ്. കാരണം ഉൽപാദനം പുനരാരംഭിക്കുന്നത് ദേശീയ അന്തർദേശീയ വിതരണ ശൃംഖലകളെ ആശ്രയിച്ച് നിലകൊള്ളുന്നു. |
| (ബി) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ നയങ്ങളും സംസ്ഥാന സർക്കാരിനോട് പുലർത്തുന്ന വിവേചനപരമായ |

| | | |
|---|---|---|
| | മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | സമീപനവും സൃഷ്ടിച്ചിട്ടുള്ള സാമ്പത്തിക പ്രതിസന്ധി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ആനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ ബജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്.<br>2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.<br>3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.<br>4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.<br>5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.<br>6. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുക എന്ന ലക്ഷ്യത്തോടെ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>i. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയും.<br>ii. ജി.എസ്.ടി.ആർ-2എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>iii. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്ക് വാഹനങ്ങളിലും ഈ-വേ ബിൽ |

| | | |
|---|---|---|
| | | പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഈ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്തുന്നതാണ്. ഈ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്.<br>iv. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>v. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധ വൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പു വരുത്തുന്നു.<br>vi. ജി.എസ്.ടി രജിസ്ട്രേഷൻ വിപുലീകരിക്കുന്നതിനുള്ള നടപടികൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>വിവിധ നികുതികളും ഫീസുകളും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ സ്വീകരിച്ച നടപടികൾ ഫലപ്രദമായില്ല എന്ന് വിലയിരുത്തുന്നുണ്ടോ; | സർക്കാർ സ്വീകരിച്ച നടപടികൾ ഫലപ്രദമായതിനാലാണ് മഹാമാരിയായ കോവിഡിന്റെ പശ്ചാത്തലത്തിലും സാമൂഹ്യ സുരക്ഷാ വികസന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിച്ചത്. |
| (ഡി) | കോവിഡ് പശ്ചാത്തല ത്തിൽ കേന്ദ്രം വായ്പാ പരിധി | 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി 27,130 കോടി രൂപയാണ് (ജിഎസ്ഡിപി യുടെ 3%) കേന്ദ്രസർക്കാർ നിശ്ചയിച്ച് |

| | | |
|---|---|---|
| | അഞ്ച് ശതമാനം ആയി ഉയർത്തി നൽകിയത് നിലവിലെ സാമ്പത്തിക പ്രതിസന്ധി പരഹരിക്കുന്നതിന് എത്ര മാത്രം സഹായകമായി; ഇതിലൂടെ അധികമായി കടമെടുക്കുവാൻ കഴിയുന്ന തുക എത്രയാണ്; വ്യക്തമാക്കുമോ; | നൽകിയിട്ടുള്ളത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജിഎസ്ഡിപിയുടെ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ 1% ഉപാധികളില്ലാതെയും, 1% (0.25% വീതം) താഴെ പറയുന്ന<br><br>1. 'ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം' നടപ്പിലാക്കൽ<br>2. ബിസിനസ് സുഗമമാക്കുന്നതിന് ജില്ലാ തലത്തിലും ലൈസൻസിംഗ് സംവിധാനത്തിലും പരിഷ്കാരങ്ങൾ നടപ്പിലാക്കുക<br>3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ<br>4. ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ<br><br>നാല് സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്കാണ് സംസ്ഥാനത്തിന് ലഭ്യമാകുന്നത്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ ഒഴികെയുള്ള 3 പരിഷ്കാരങ്ങൾ സംസ്ഥാനം നടപ്പിലാക്കിയിട്ടുണ്ട്. ഇത് പ്രകാരം 0.75% (ഏകദേശം 6782.63 കോടി രൂപ) അധിക വായ്പയ്ക്കുള്ള അർഹത സംസ്ഥാനം നേടിയിട്ടുണ്ട്. ഇതിൽ 0.25% (ഏകദേശം 2261 കോടി രൂപ) അധികവായ്പയ്ക്കുള്ള അനുമതി കേന്ദ്രസർക്കാരിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. മേൽ പറഞ്ഞ സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി 2021 ഫെബ്രുവരി 15 വരെ കേന്ദ്ര സർക്കാർ ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. ഇത് നടപ്പിലാക്കുന്ന മുറയ്ക്ക് 0.25% (ഏകദേശം 2261 കോടി രൂപ) അധിക വായ്പയ്ക്ക് സംസ്ഥാനം അർഹമാകുന്നതാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്കും സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സിനും കോവിഡ് മഹമാരി സൃഷ്ടിച്ച ആഘാതം ഒരു പരിധി വരെ മറികടക്കാൻ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള അധിക വായ്പ ലഭ്യമാക്കേണ്ടത് അനിവാര്യമാണ്. |

(ഇ) അൻപത്തിയൊൻപത് വർഷം കൊണ്ട് വിവിധ സർക്കാരുകൾ ഉണ്ടാക്കിയ പൊതുകടം കഴിഞ്ഞ നാലര വർഷം കൊണ്ട് ഇരട്ടിയായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനിടയാക്കിയ സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കുമോ?

ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പപരിധി GSDP യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം, കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്.

അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം (30.11.2020 വരെയുള്ള താല്കാലിക കണക്കുകൾ ഉൾപ്പെടെ) 2012-13 മുതൽ 2020-21 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടവും വർദ്ധനവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| വർഷം | പൊതുകടം | പൊതുകടത്തിലുണ്ടായ വർദ്ധനവ് |
|---|---|---|
| 2012-13 | 72250.19 | 10457.10 |
| 2013-14 | 83466.56 | 11216.37 |
| 2014-15 | 96132.96 | 12666.40 |
| 2015-16 | 109730.97 | 13598.01 |
| 2016-17 | 125882.86 | 16151.89 |
| 2017-18 | 142984.53 | 17101.67 |
| 2018-19 | 158234.44 | 15249.92 |
| 2019-20 | 174640.21 | 16405.76 |
| 2020-21 Upto 30.11.2020 | 190982.53 | 16342.32 |

സെക്ഷൻ ഓഫീസർ